പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

07.10.2016 ലെ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2388

# കാർഷിക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിലെ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി 2006-11 ലെ എൽ.ഡി.എഫ്. സർക്കാർ നടപ്പാക്കിയ കാർഷിക കടാശ്വാസ കമ്മീഷന്റെ 2011-12 മുതൽ 2015-16 വരെയുള്ള പ്രവർത്തനങ്ങൾ എന്തെല്ലാം ആയിരുന്നു; വ്യക്തമാക്കുമോ; | (എ) കാർഷിക മേഖലയിലെ ദുരിതമനുഭവിക്കുന്ന കർഷകർക്ക് കടാശ്വാസം ലഭിക്കുന്നതിന് അപേക്ഷ നൽകാനുള്ള സമയപരിധി 31.05.2009 ആയിരുന്നത് 2015 ഒക്ടോബർ 31 ആയി പുനർനിശ്ചയിക്കുകയും വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ഈ ജില്ലയിലെ 31.10.2011 വരെയുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത കാലയളവിൽ കമ്മീഷനെ (ഓരോ വർഷവും) സമീപിച്ച അപേക്ഷകർ എത്ര; എത്ര പേർക്ക് സഹായം നൽകി; പ്രസ്തുത കാലയളവിൽ പ്രഖ്യാപിച്ച ആശ്വാസ നടപടികളിൽ ആശ്വാസം ലഭിക്കാത്തവർ എത്ര; വിശദാംശം ലഭ്യമാക്കുമോ; | (ബി) 2011-12 സാമ്പത്തിക വർഷത്തിൽ 240375 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനായി ബാക്കി ഉണ്ടായിരുന്നു. അതിനുശേഷം വയനാട് ജില്ലയ്ക്ക് മാത്രമായി 31.10.2011 വരെയുള്ള കടങ്ങളും കടാശ്വാസത്തിനായി പരിഗണിക്കുവാൻ ഉത്തരവായതു പ്രകാരം 21750 അപേക്ഷകളും ലഭിച്ചിരുന്നു. അപേക്ഷ സ്വീകരിക്കുന്ന തീയതി 31.10.2015 ആയി പുനക്രമീകരിച്ചതു പ്രകാരം 43666 അപേക്ഷകൾ ലഭിക്കുകയുണ്ടായി. പ്രസ്തുത കാലയളവിൽ 49694 ഗുണഭോക്താക്കൾക്കായി 107.94 കോടി രൂപ കടാശ്വാസത്തിന് കമ്മീഷൻ ശിപാർശ ചെയ്യുകയും 98.91 കോടി രൂപ സർക്കാർ അനുവദിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

(സി) കർഷകരെ സഹായിക്കാനായി തുടങ്ങിയ കുട്ടനാട്, ഇടുക്കി, വയനാട് പദ്ധതികൾ പ്രകാരം ഇവർക്കായി നീക്കി വച്ച തുക എത്ര; എത്ര തുക നാളിതുവരെ ചെലവഴിച്ചു. ഇത്തരം പദ്ധതികളിലെ നിർവ്വഹണം, പ്രശ്നപരിഹാരം എന്നിവയിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ വന്ന ക്രമക്കേടുകളും വീഴ്ചകളും എന്തെല്ലാം;

(സി) കുട്ടനാട്, ഇടുക്കി, വയനാട് പദ്ധതികൾക്കായി 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിൽ ബഡ്ജറ്റിൽ ആകെ നീക്കിവെച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ലക്ഷം രൂപയിൽ) | ചെലവഴിച്ച തുക (ലക്ഷം രൂപയിൽ) |
|---|---|---|---|
| 1 | കുട്ടനാട് പാക്കേജ് (13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പദ്ധതി ഉൾപ്പെടെ | 8967.247 | 8669.069 |
| 2 | ഇടുക്കി പാക്കേജ് | 1378.10 | 1328.00 |
| 3 | വയനാട് പാക്കേജ് പദ്ധതി | 7593.46 | 6053.66 |

മേൽ പദ്ധതികളിലെ നിർവ്വഹണം, പ്രശ്ന പരിഹാരം, എന്നിവയിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ ക്രമക്കേടുകളോ, വീഴ്ചകളോ റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഇവ പരിഹരിക്കാനും, കാർഷിക കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച സഹായ തുകയിൽ വന്ന കുടിശ്ശിക നല്കാനും കമ്മീഷൻ പ്രവർത്തനം കാർഷികമേഖലയ്ക്ക് ഗുണം നൽകാനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | തീർപ്പാക്കിയ അപേക്ഷകൾ | ഗുണ ഭോക്താക്കൾ | ശുപാർശ ചെയ്ത കടാശ്വാസ തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|---|---|
| 2011-12 | 97297 | 9604 | 24,02,83,380 | 22.17 കോടി |
| 2012-13 | 64992 | 13032 | 25,73,03,450 | 21.74 കോടി |
| 2013-14 | 30041 | 13946 | 26,17,76,825 | 15 കോടി |
| 2014-15 | 23837 | 7905 | 18,60,03,254 | 20 കോടി |
| 2015-16 | 19008 | 5207 | 13,40,66,194 | 20 കോടി |
| ആകെ | 235175 | 49694 | 107,94,33,103 | 98.91 കോടി |

സെക്ഷൻ ഓഫീസർ